"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27-05-2020-ലെ തീരുമാനങ്ങൾ - ശ്രീകൃഷ്ണപുരം ഗ്രാമ ന്യായാലയത്തിന്റെ പ്രവർത്തനങ്ങൾക്കായി ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് 30 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്ക് പരിധിയിലെ ഗ്രാമ പഞ്ചായത്തുകളുടെയും സംയുക്ത വിഹിതമായി ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1167/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/06/2020**

---

പരാമർശം:- 1. ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.09.2018-ലെ കത്ത്

2. ഗ്രാമവികസന കമ്മീഷണറുടെ 16.10.2019-ലെ DP4/2428/19/CRD നമ്പർ കത്ത്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ 4.52, 27.05.2020-ലെ 4.7 നമ്പർ തീരുമാനങ്ങൾ

**<u>ഉത്തരവ്</u>**

ശ്രീകൃഷ്ണപുരം ഗ്രാമ ന്യായാലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ബഹു.പാലക്കാട് എം.പി. യുടെ പ്രദേശിക വികസന നിധിയിൽ നിന്നും 45 ലക്ഷം രൂപ അനുവദിച്ചതിനാൽ 75 രൂപ അടങ്കൽ തുകയുള്ള കെട്ടിട സമുച്ചയത്തിന്റെ ബാക്കി തുകയായ 3 0 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകളുടെയും സംയുക്ത വിഹിതമായി കണ്ടെത്തുന്നതിന് പദ്ധതി തയ്യാറാക്കാൻ അനുവാദം നൽകണമെന്ന് പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു. 31.12.2018-ൽ ചേർന്ന കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇതു പരിഗണിച്ചിരുന്നുവെങ്കിലും കേന്ദ്ര വിഹിതം ലഭിക്കുന്നതിന്റെ സാധ്യത കൂടി ആരായണമെന്നും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ യോഗം വിളിച്ച് റിപ്പോർട്ട് റിപ്പോർട്ട നൽകാനും നിർദ്ദേശിച്ച് മാറ്റി വച്ചിരുന്നു. പരാമർശം (2) റിപ്പോർട്ട് പ്രകാരം കെട്ടിട നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. എന്നാൽ കോടതി ആരംഭിക്കാൻ കഴിയും വിധം നിർമ്മാണം പൂർത്തിയാക്കുന്നതിന് 3 0 ലക്ഷം രൂപ കൂടി ചെലവഴിക്കേണ്ടതുണ്ട്. കേന്ദ്ര വിഹിതം ലഭിക്കാൻ സാധ്യത ഇല്ല എന്നതിനാലും സർക്കാർ അനുമതി ലഭിക്കുകയാണെങ്കിൽ 2.5 0 ലക്ഷം രൂപ വീതം വിഹിതം നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർ അറിയിച്ചിട്ടുള്ളതുമായ സാഹചര്യത്തിൽ പ്രത്യേക അനുമതി നൽ കാൻ 27.05.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമ ന്യായാലയത്തിന്റെ പ്രവർത്തനങ്ങൾക്കായി ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പൂർത്തീകരണത്തിനും കോടതി ആരംഭിക്കുന്നതിന് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ 3 0 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെയും (15 ലക്ഷം രൂപ) ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളുടെയും (2.5

ലക്ഷം രൂപ വീതം) സംയുക്ത വിഹിതമായി ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, ശ്രീകൃഷ്ണപുരം, പാലക്കാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.06.. 10:28:22 IST
Reason: Approved

സെക്ഷൻ ഓഫീസർ